കേരളത്തിലെ ജനപ്രതിനിധി സഭകളുടെ 125–ാം വാർഷികത്തോടനുബന്ധിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കായി കേരള നിയമസഭ സെക്രട്ടറിയേറ്റ് മത്സരപരീക്ഷ നടത്തുന്നു. ജനാധിപത്യ മൂല്യങ്ങളിലും, ആശയങ്ങളിലും, ജനാധിപത്യ സ്ഥാപനങ്ങളിലും വിദ്യാർത്ഥി സമൂഹത്തിന്റെ വിശ്വാസവും താല്പര്യവും വളർത്തിയെടുക്കുംവിധമാണ് അഭിരുചി പരീക്ഷ നടത്തുന്നത്. പരീക്ഷ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അഭിരുചിപരീക്ഷ ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങൾക്കായി ഒരുമിച്ച് ഒറ്റ പ്പരീക്ഷയായി നടത്തുന്നതാണ്.
2. പരീക്ഷയിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് വിദ്യാലയങ്ങളിലെയും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ് പിന്തുടരുന്ന അംഗീകൃത സ്കൂളുകളിലെയും വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്.
3. വിദ്യാലയ തലം, വിദ്യാഭ്യാസ ജില്ലാതലം, സംസ്ഥാനതലം എന്നിങ്ങനെ മൂന്നു തല ങ്ങളിലായി മത്സരപ്പരീക്ഷ നടത്തുന്നതാണ്.
4. മൂന്നു തലങ്ങളിലും പരീക്ഷാമാധ്യമം മലയാളമായിരിയ്ക്കുന്നതാണ്.
5. മൂന്നുതലങ്ങളിലും ചോദ്യപേപ്പർ നിയമസഭാ സെക്രട്ടേറിയറ്റ് തയ്യാറാക്കുന്നതാണ്.
6. പരീക്ഷയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള വിദ്യാർത്ഥികളുടെ പേരുവിവരം 2013 ജൂൺ മാസം ആദ്യവാരത്തിനു മുമ്പായി ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ പ്രത്യേക ദൂതൻ വഴി എത്തിക്കേണ്ട താണ്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസിലുള്ള അംഗീകൃത സ്കൂളുക ളിലെ മത്സരത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് സ്ഥാപന മേധാവി തങ്ങളുടെ പരിധിയിലുള്ള ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ പക്കൽ എത്തിക്കേണ്ടതാണ്.
7. വിദ്യാലയ തലത്തിലും വിദ്യാഭ്യാസ ജില്ലാതലത്തിലും ചോദ്യങ്ങൾ ഒബ്ജക്റ്റീവ് ടൈപ്പ് മാതൃകയിലായിരിക്കും.

8. വിദ്യാലയ തലത്തിൽ പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം എന്നിവ സ്ഥാപനത്തിന്റെ മേലധികാരി ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന നിർദ്ദേശ പ്രകാരം നടത്തേണ്ടതാണ്.

9. വിദ്യാലയതലത്തിൽ സംഘടിപ്പിക്കുന്ന മത്സരപരീക്ഷയിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവരുടെ പേരു വിവരം ബന്ധപ്പെട്ട സ്ഥാപനമേധാവി പരീക്ഷ നടത്തി അഞ്ചു ദിവസത്തിനകം ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതാണ്.

10. വിദ്യാലയ തലത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവരെ ഉൾപ്പെടുത്തി വിദ്യാഭ്യാസ ജില്ലാതല പരീക്ഷ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തേണ്ടതാണ്. വിദ്യാഭ്യാസ ജില്ലാതലത്തിൽ പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം എന്നിവ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ (ഡി.ഇ.ഒ.) ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന നിർദ്ദേശപ്രകാരം സംഘടിപ്പിക്കേണ്ടതാണ്.

11. വിദ്യാലയ തലത്തിലും, ജില്ലാതലത്തിലുമുള്ള പരീക്ഷാ തീയതി നിയമസഭാ സെക്രട്ടറിയേറ്റിൽ നിന്നും ലഭിക്കുന്നമുറയ്ക്ക് അറിയിക്കുന്നതാണ്.

12. വിദ്യാലയ തലത്തിലും വിദ്യാഭ്യാസ ജില്ലാതലത്തിലും പരീക്ഷ സംസ്ഥാനത്തൊട്ടാകെ ഒരേ ദിവസം നടത്തുന്നതാണ്.

13. വിദ്യാഭ്യാസ ജില്ലാതലത്തിൽ നടത്തുന്ന പരീക്ഷയിൽ ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും ആദ്യ മൂന്നു സ്ഥാനം ലഭിക്കുന്നവരുടെ പേരു വിവരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരീക്ഷ നടത്തി അഞ്ചു ദിവസത്തിനകം നിയമസഭാ സെക്രട്ടറിയേറ്റിനെ അറിയിക്കേണ്ടതാണ്.

14. വിദ്യാലയ തലത്തിലും വിദ്യാഭ്യാസ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പരീക്ഷകൾ 2013 ജൂൺ, ജൂലൈ മാസങ്ങളിൽ നടത്തുന്നതാണ്.

15. നിയമസഭാ സെക്രട്ടറിയറ്റ് ജീവനക്കാരുടെ മക്കൾക്ക് പരീക്ഷയിൽ പങ്കെടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.

16. വിദ്യാലയ തലത്തിലോ വിദ്യാഭ്യാസ ജില്ലാതലത്തിലോ ഏതെങ്കിലും സ്ഥാനത്തേക്ക് തുല്യമാർക്ക് വരുന്ന പക്ഷം ആ സ്ഥാനത്തേക്കുള്ള വിജയിയെ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടതാണ്.

17. ജില്ലാതലത്തിലെ ആദ്യ രണ്ട് സ്ഥാനക്കാർക്കും അവർ പ്രതിനിധാനം ചെയ്യുന്ന വിദ്യാലയങ്ങൾക്കും ജില്ലാതലത്തിലോ മേഖലാതലത്തിലോ സംഘടിപ്പിക്കുന്ന ചടങ്ങിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും മെമെന്റോയും നിയമസഭാ സെക്രട്ടേറിയറ്റ് നൽകുന്നതാണ്.

18. സംസ്ഥാനതല പരീക്ഷയുടെ പൂർണചുമതല നിയമസഭാ സെക്രട്ടേറിയറ്റിനായിരിയ്ക്കുന്നതാണ്. സംസ്ഥാനതല പരീക്ഷയുടെ ചോദ്യപേപ്പറിന്റെ മാതൃക നിയമസഭാ സെക്രട്ടേറിയറ്റ് നിശ്ചയിക്കുന്ന പ്രകാരവും ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങളോടൊപ്പം മറ്റിനം ചോദ്യങ്ങളും ഉൾപ്പെടുന്നതുമായിരിയ്ക്കും.

19. സംസ്ഥാനതല മത്സരത്തിലെ ആദ്യ മൂന്ന് സ്ഥാനക്കാർക്കും അവർ പ്രതിനിധാനം ചെയ്യുന്ന വിദ്യാലയങ്ങൾക്കും നിശ്ചയിക്കുന്ന പ്രകാരം ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും മെമെന്റോയും നിയമസഭാ സെക്രട്ടേറിയറ്റ് നൽകുന്നതാണ്.

20. സംസ്ഥാനതല മത്സരത്തിലെ വിജയികൾക്ക് 125-ാം വാർഷികാഘോഷത്തിന്റെ ഭാഗമായുള്ള പ്രൗഢഗംഭീരമായ ചടങ്ങിൽ സമ്മാനദാനം നിർവ്വഹിക്കുന്നതാണ്.

21. സംസ്ഥാനതല വിജയികൾക്കും ഒരു രക്ഷിതാവിനും ഒരു അധ്യാപകനും സമ്മാനദാനച്ചടങ്ങിൽ പങ്കെടുക്കാനുള്ള യാത്രാച്ചെലവും താമസ സൗകര്യവും നിയമസഭാ സെക്രട്ടേറിയറ്റ് ഏർപ്പാടാക്കുന്നതാണ്.

22. വിദ്യാഭ്യാസ ജില്ലാതലത്തിലെ ആദ്യ രണ്ട് സ്ഥാനക്കാർക്ക് പ്രത്യേക നിയമസഭാ സന്ദർശന പരിപാടി നിയമസഭാ സെക്രട്ടേറിയറ്റ് പരിഗണിയ്ക്കുന്നതാണ്.

23. അഭിരുചിപരീക്ഷാപരിപാടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല പൊതുവിദ്യാഭ്യാസ ഡയറക്ടർക്കായിരിയ്ക്കും.

24. നിയമസഭാ സെക്രട്ടേറിയറ്റിൽ ഇതു സംബന്ധിച്ച കാര്യങ്ങളുടെ ചുമതല പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിനായിരിക്കുന്നതാണ്.